**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3486** **08.11.2019 ലെ മറുപടിയ്ക്ക്**

**<u>സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കൽ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് ഹൈക്കോടതി റദ്ദാക്കിയത്; ഇതിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരുന്നോ; വെളിപ്പെടുത്താമോ; | (എ) & (ബി) | സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന 2006 -ലെ 19-ാംനമ്പർ ആക്ടിലെ 3,7,8 (b), (c) and 10 വകുപ്പുകളും 10, 11 ചട്ടങ്ങളുമാണ് ഹൈക്കോടതി റദ്ദുചെയ്തത്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരുന്നു.<br>കേരള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന് എതിരെ സർക്കാർ ഫയൽ ചെയ്ത സിവിൽ അപ്പീൽ 2847/2007 എന്ന കേസ്, എഞ്ചിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ട് പുതിയ നിയമ നിർമ്മാണം ഉദ്ദേശിക്കുന്നതിനാൽ തുടർവാദത്തിന് താൽപ്പര്യമില്ല എന്ന് സർക്കാർ അറിയിച്ചതിനെ തുടർന്ന് 03.09.2019-ൽ തീർപ്പാക്കിയിട്ടുണ്ട്.<br>കൂടാതെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം, ക്രമപ്പെടുത്തലും, നിയന്ത്രിക്കലും) ആക്ട് 2017-ലെ സെക്ഷൻ 5(3), 8(1)(b), 17 എന്നീ മൂന്ന് വകുപ്പുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി 02.11.2017-ലെ വിധിന്യായത്തിലൂടെ അസാധുവാക്കപ്പെട്ടിട്ടുള്ളതാണ്. ഹൈക്കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ വരുത്തിയതിനെ തുടർന്ന് നിലനിന്നിരുന്ന നിയമപ്രകാരം ഉണ്ടായിരുന്ന ഒറ്റക്കമ്മിറ്റിക്ക് പകരം Admission Superviosry Committee യായും Fee Regulatory Committee യായും കമ്മിറ്റികൾ രണ്ടായി ക്രമീകരിച്ച് ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത അപ്പീൽ പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**